# സർവകലാശാലയിൽ ഫോട്ടോഗ്രാഫി സർട്ടിഫിക്കറ്റ് കോഴ്സ്

കാലിക്കറ്റ് സർവകലാശാലാ ലൈഫ്ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ വകുപ്പിന്റെയും ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ പഠനവകുപ്പിന്റെയും ആഭിമുഖ്യത്തിൽ ഫോട്ടോഗ്രാഫിയിൽ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കുന്നു. യോഗ്യത: കാലിക്കറ്റ് സർവകലാശാലാ ഡിഗ്രി/തത്തുല്യം. 20 പേർക്കായിരിക്കും പ്രവേശനം. കോഴ്സ് ഫീ: 10,000 രൂപ. ഈ കോഴ്സിന് യാതൊരു ഫീസിളവുകളും ഉണ്ടായിരിക്കുന്നതല്ല. മെറിറ്റും അഭിരുചി പരിശോധിക്കുന്ന അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. 70 മണിക്കൂർ ദൈർഘ്യമുള്ള തിയറി, പ്രാക്ടിക്കൽ ക്ലാസുകൾക്ക് പുറമെ രണ്ട് ദിവസത്തെ വർക്ക്ഷോപ്പും കോഴ്സിന്റെ ഭാഗമായുണ്ടാകും. സർവകലാശാലാ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത അപേക്ഷ, ബയോഡാറ്റ, ഡിഗ്രി മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (ഗ്രേഡ് അടിസ്ഥാനമാക്കിയ മാർക്ക് ലിസ്റ്റ് ഉള്ളവർ തത്തുല്യമായ മാർക്കിന്റെ ശതമാനം കാണിക്കുന്ന രേഖ ഹാജരാക്കണം), നൂറ് രൂപ അപേക്ഷാ ഫീസ് സർവകലാശാലാ ഫണ്ടിൽ അടച്ചതിന്റെ രശീത് എന്നിവ സഹിതം നവംബർ 26-ന് അഞ്ച് മണിക്കകം ഡയറക്ടർ, ഡിപ്പാർട്ടുമെന്റ് ഓഫ് ലൈഫ്ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ, കാലിക്കറ്റ് യൂണിവേഴ്സിറ്റി, 673635 എന്ന വിലാസത്തിൽ ലഭിക്കണം. വൈകി ലഭിക്കുന്ന അപേക്ഷ പരിഗണിക്കുന്നതല്ല. അപേക്ഷകൾ പരിശോധിച്ച ശേഷം മെറിറ്റ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി യോഗ്യതയുള്ളവരെ മാത്രമേ അഭിമുഖത്തിന് ക്ഷണിക്കുകയുള്ളൂ. ക്ലാസുകൾ ശനിയാഴ്ചകളിലും തെരഞ്ഞെടുത്ത ചില അവധിദിവസങ്ങളിലുമാണ് നടത്തുക.